(എച്ച്) 2004 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുരുവട്ടൂർ പഞ്ചായത്തിൽ കെ. എസ്. ഇ. ബി. നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും

84 [903] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ പഞ്ചായത്തിൽ കക്കോടി-കുന്നമംഗലം കെ. എസ്. ഇ. ബി. പരിധിയിൽ ഈ സർക്കാർ വന്നതിനുശേഷം നടത്തിയ പ്രവൃത്തികളും ഇതിന് ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ ഈ കാലയളവിൽ എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചു;

(സി) ഇനിയും എവിടെയൊക്കെ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) എന്നേക്ക് പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വോൾട്ടേജ് വർദ്ധിപ്പിക്കുന്ന ജോലി

		തുക (രൂപയിൽ)
(i)	ഇടപടിതാട്ടുതാഴം-ചെറുവറ്റ ..	39,760
(ii)	മല്ലിശ്ശേരിതാഴം-ചേറ്റാട്ട്താഴം ..	28,400
(iii)	കോണോട്ട്-11 കെ.വി-1 കി. മി. ട്രാൻസ്ഫോർമർ-100 കെ.വി.എ. കണ്ടക്ടർ വർഷൻ-1.6 കി. മി. ..	6,90,625

ജനകീയാസൂത്രണ പദ്ധതി

(iv)	ഒഴാംപൊയിൽ എൽ.ടി.ത്രി ഫെയിസ്. .	45,145
(v)	കുമ്മാട്ടുമല എൽ.ടി. ത്രി ഫെയിസ് ..	19,710
(vi)	കലോളിപൊയിൽ ലൈൻ എക്സ്റ്റൻഷൻ ..	1,85,506

LIBRARY ARCHIVES Kerala Legislative Assembly

		തുക (രൂപയിൽ)
(vii)	നാമത്തുമിത്തൽ-കോമാട്ടുകുന്ന് ..	10,220
(viii)	വെള്ളിനാട്ടുക്കാവ്-വള്ളുകെട്ടി ..	19,660
(ix)	കാന്നത്തുംകുഴിയിൽ ലൈൻ എക്സ്റ്റൻഷൻ ..	28,135
(x)	പാണാറകണ്ടി കുമ്മളി മിത്തൽ ലൈൻ എക്സ്റ്റൻഷൻ ..	30,250
	ആകെ തുക ..	10,97,411
	ആകെ ജോലികൾ ..	10 എണ്ണം.

(ബി) ഒന്ന്.

(സി) 1. ഇടുക്കപ്പാറ .. 100 കെ.വി.എ.

2. പയിമ്പ .. 100 കെ.വി.എ.

(ഡി) മുൻഗണനാടിസ്ഥാനത്തിൽ പ്രസ്തുത ജോലികൾ രണ്ടാമത്തെതും അഞ്ചാമത്തെതും ആണ്. സാധനസാമഗ്രികൾ ലഭ്യമാകുന്ന മുറയ്ക്ക് ജോലികൾ പൂർത്തിയാക്കുന്നതാണ്.

പെരിങ്ങളം മണ്ഡലത്തിലെ കൈവേലിക്കലിലെ വോൾട്ടേജ് ക്ഷാമം

85 [904] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ കൈവേലിക്കലിലെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച വിവരം വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കൈവേലിക്കലിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 381/എം/(ഇല.)/04/വി. ഐ. പി. തീയതി 17-3-2004 നമ്പരായുള്ള നിവേദനം കണ്ണൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അയച്ചതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly